
# കനൽ



ജി.എച്ച്.എസ്.എസ്.കണ്ണാടിപ്പറമ്പ

# സാക്ഷ്യപത്രം

ഈ ഡിജിറ്റൽ മാഗസിനിലെ സൃഷ്ടികൾ ഈ സ്കൂളിലെ വിദ്യാർ ത്ഥികൾ അർപ്പണബോധത്തോടെ സത്യസന്ധ മായി ചെയ്ത താണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹെഡ്മിസ്ട്രസ്സ്

വിമല.സി

# പത്രാധിപസമിതി

അമർ നാഥ് .കെ

ആഘോഷ്.കെ .കെ

ദേവദർശൻ രതീഷ്

സായന്ത്.കെ

അഭിരാം കൃഷ്ണ .കെ .വി

ആദിത്

ഋഷികേശ് .എം

പ്രണവ് .കെ .പി

ഫാത്തിമത്ത് ഷാദിയ.ടി.കെ

ആദിത്യൻ .പി

# ഉപദേശകസമിതി

ബബിലേഷ്

സുഭാഷിത

# ആമുഖം

വിവരവിനിമയ സാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ അസാധ്യമായ പലതിനെയും സാധ്യമാക്കിയിരിക്കുന്നു. സാങ്കേതികവിദ്യയോടുള്ള കുട്ടികളുടെ അഭി രുചി പ്രയോജന പ്പെടുത്താൻ ഹൈ-ടെക് പദ്ധതിയി ലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പി ലാക്കുന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മയാണ് "ലിറ്റിൽ കൈറ്റ്സ്". ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ എന്ന സ്വപ്നം ഇവിടെ സാക്ഷാത്കരിക്കുന്നു. കഥയും കവിതയും ലേഖനങ്ങളും എല്ലാം ചേർന്ന ഡിജിറ്റൽ വിസ്മയ ലോകത്തേക്ക് എല്ലാവരെയും ഞങ്ങൾ കൂട്ടി ക്കൊണ്ടു പോകുന്നു.

# താളുകൾ മറിയുമ്പോൾ

ഉണരുമാ പുലരി ....................................................................6
കടൽ തീരം....................................................................7
സഞ്ചാരം....................................................................8
തോരാതെ പെയ്യൊരു മഴ....................................................................11
പ്രതീക്ഷകളോടെ ലൈ ഫൈ ....................................................................12
കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം....................................................................13
അമ്പലമണി ....................................................................14
ഇനി എവിടേക്ക് ....................................................................16
അമ്മ എന്ന കഥ....................................................................17
പരിസ്ഥിതി ദിനാഘോഷം....................................................................20
ഓർക്കാപ്പുറത്ത്....................................................................21
Introduction to definition of computers....................................................................22
പഠോയ് സൂം....................................................................31
സന്യാസിയും നായയും....................................................................33
മലയാള സാഹിത്യം....................................................................35

# ഉണരുമാ പുലരി



ശ്രീലക്ഷ്മി.ടി

ഉണരുന്നൊരു ഭൂമിയിൽ
പുലരുന്നൊരു പ്രഭാതം
ഉയരുന്നൊരു സൂര്യനിൽ
പുലരുന്നൊരു പ്രഭാതം
കുരുവികൾ ഇണചേരും മധുരമീ പുലരിയിൽ
വിടരുന്ന പൂക്കളിൽ മധു നുകരാം

ഭൂമീ ദേവി ഉണരുമ്പോൾ ;പൂവൻ കോഴി,
കരയുമ്പോൾ
ഞെട്ടിയുണർന്നെഴുന്നേൽക്കും ,
മനുഷ്യവർഗം

# കടൽ തീരം



അമർനാഥ്

സന്ധ്യ മയങ്ങുന്ന നേരം മണലിലൂടെ ഞാൻ സാവധാനം നടന്നു നീങ്ങി . സൂര്യന്റെ ചുവപ്പ് ആകാശമാകെ വിസരിച്ചു. ചുവപ്പിൽ മുങ്ങിയ കടൽ എന്തു മനോഹരം .കടലിന്റെ ഓരോ തിരകളും അഴിയിട്ട്ചാഞ്ചാടി വരുന്ന കുതിരകളെ പോലെ എന്നിലേക്ക് ഓടിയടുത്തു .എന്റെ കാലിൽ തട്ടി തെറിച്ചു . തിരിച്ചുപോകുമ്പോൾ എന്നെ കൂടി കൊണ്ടുപോകുന്നത് പോലെ എനിക്ക് തോന്നി .പക്ഷെ ഞാൻ പിറകോട്ടു നിന്നു.കടലിന്റെ ഓളങ്ങളിൽ വഞ്ചികൾ താലോലമാടുന്നു .ഞാൻ ദൂരേക്ക് നടന്നു കടലിന്റെ തിരകൾ എന്നെ പിന്തുടരുന്നത് പോലെ .സൂര്യന്റെ അസ്തമയം ആകാശമാകെ ഇരുട്ട് പിടിപ്പിച്ചു .എങ്ങും വിശാലത,പക്ഷികളുടെ കലപില ശബ്ദങ്ങൾ ആകാശത്തുനക്ഷത്രങ്ങൾ തെളിയുന്നു .കടലിന്റെ നിറം കറുപ്പായി തുടങ്ങി .വഞ്ചികൾ കരയിലേക്ക് അടുക്കുന്നു .കണ്ണുകൾ ചിമ്മും തോറും തിരകൾ അടുത്തടുത്ത് വരുന്നു നേരം കൂരിരുട്ടു മൂടി കടലിന്റെ കണ്ണുകൾ അടയുന്നതായി എനിക്ക് തോന്നി ....

# സഞ്ചാരം



ദേവദർശൻ രതീഷ്

ഞാൻ രാവിലെ എഴുന്നേറ്റ് റെഡിയായി 8.20 ആയപ്പോഴേക്കും സ്കൂളിലെത്തി അവിടെ എന്നെക്കാൾ മുൻപേ കുറെ കുട്ടികൾ എത്തിയിരുന്നു.ഞാൻ മുറ്റം നോക്കി ഒരു ക്ലാസ്സിന്റെ വരാന്തയിൽ ചെന്നു നിന്നു . സമയം പിന്നിട്ടും തോറും എന്റെ ഫ്രണ്ട്സ് ഒരോ ന്നായി വരുന്നുണ്ടായിരുന്നു .ഞാൻ അവരോട് സന്തോഷം പങ്കു വെക്കുമ്പോഴേക്കും സമയം അതിക്രമിച്ചിരുന്നു പെട്ടെന്നു തന്നെ ഞങ്ങൾ ബസിനടുത്തേക്ക് പോയി . സരസ്വതി ടീച്ചർ കുട്ടികളുടെ പേരും ക്ലാസ്സ് വിളിച്ച് വരി വരിയായി ബസ്സിൽ കയറ്റി . ദേവദൂത് എന്ന ബസ്സിൽ കൃത്യം 8.45 ന് തന്നെ യാത്ര പുറപ്പെട്ടു.ആദ്യ യാത്ര കരിമ്പം ഗവേഷണ കേന്ദ്രത്തിലേക്കായിരുന്നു അവിടെ മനോഹരങ്ങളായ മുല്ല , ആന്തൂറിയം, വർണ്ണശഭള മായ റോസ് ,ഡാലിയ, യൂഫോർബിയ, ബോൺ വില്ല തുടങ്ങിയ പൂച്ചെടികൾ കണ്ടു.അവിടെ കൂടുതലും ഔഷധ സസ്യങ്ങളായിരുന്നു അവ വിൽപ്പനയ്ക്കും വച്ചി രുന്നു. അവിടെ ഒരു കാട്ടിലൂടെ മനോഹരമായ അരുവി ഒഴുകുന്നു ണ്ടായിരുന്നു 1905 ആണ് കരിമ്പം ജില്ല കൃഷിത്തോട്ടം രൂപീകൃത മായത്.

തുടർന്ന് അവിടെ നിന്ന് തുടർന്ന് അവിടുന്ന് യാത്ര പുറപ്പെട്ടു കൃത്യം 11 20 ആയപ്പോൾ തന്നെ ഞങ്ങൾ കുരുമുളക് ഗവേഷണ കേന്ദ്രമായ പന്നിയൂരിലെത്തിയിരുന്നു അവിടെ വിവിധ പ്രദർശ നങ്ങൾ കണ്ടു കൃഷി വിജ്ഞാന കേന്ദ്രവും കാർഷിക വിപണന മേളയും ,കാർഷിക മന്ദിരവും ഉണ്ടായിരുന്നു കൃഷി വിജ്ഞാന കേന്ദ്രത്തിൽ അക്വേറിയങ്ങളും അതിൽ ധാരാളം മത്സ്യങ്ങൾ ഉണ്ടായിരുന്നു കൂടാതെ കൃഷിയെക്കുറിച്ചുള്ള പുസ്തകങ്ങൾ ,C .D കൾ പത്രവാർത്തകൾ ഇവയും കണ്ടു .മനുഷ്യ കരങ്ങളാൽ നിർ മ്മിതമായ വിവിധ തരം കുണകൾ , പുറത്ത് വിവിധ തരം പാനീ യവും വിൽക്കു ന്നുണ്ടായിരുന്നു . എം വി പ്രേമരാജനാണ് ഫാം മാനേജർ .

മറ്റൊരു സ്ഥലത്ത് പ്രവേശിച്ചപ്പോൾ ഉൽപ്പന്നങ്ങൾ കോണ്ട് ഉണ്ടാക്കിയ പ്രതികളും കുട്ടകളും കുടങ്ങളും കണ്ടു ആദ്യം കണ്ടത് ഒരു നെൽക്കുടാണ് കൂടാതെ മുയലിന്റെ പ്രതിമയും ഒരു സ്ത്രീ മുറം തയ്യിലെടുത്ത് നെല്ല് പാറ്റുന്ന പ്രതിമയും കാണാൻ സാധിച്ചു കോഴിക്കുഞ്ഞു മുട്ട വിരിഞ്ഞ് പുറത്ത് വരുന്ന മനോഹരമായ പ്രതിമയും കണ്ടു.അതോക്കെ കണ്ടെപ്പോൾ തന്നെ വളരെ അത്ഭുതം തോന്നി. പന്നിയൂർ കുരുമുളക് കേന്ദ്രങ്ങളെ ചുറ്റിക്കിടക്കുന്ന പ്രദേശത്തിന്റെ സ്റ്റീൽ മോഡലും കണ്ടു അവിടുന്നു കുറച്ച് കൂടി താഴോട്ട് പോയ പ്പോൾ ഫാമേഴ്സ് എൻഞ്ചിനിയറിങ്ങ് & ട്രെയിനിങ്ങ് സെന്ററും കുറച്ച് കൂടി മുന്നോട് ചെന്നപ്പോൾ ഔഷധ ത്തോട്ടം കണ്ടു . വേപ്പ് ,ഇഴിഞ്ഞൽ ,കൂവളം ,അത്ത് , കർ

പ്പൂരം പനിക്കുർക്ക അവിടെ വച്ച് ഞങ്ങളിൽ ചിലർ ലത ടീച്ചറുടെ അച്ഛനെ കണ്ടു .കുറച്ച് കൂടി മുന്നോട്ട് നടന്നപ്പോൾ ദൂരേ ഒരു വലിയ മല കണ്ടു അവിടെ നിന്ന് ഒരാൾ കേന്ദ്ര ത്തെപ്പറ്റി പല കാര്യങ്ങൾ പറഞ്ഞ് തന്നു പന്നിയൂർ 2 ,3 ,4 , എന്നി കുരുമുളക് തൈകൾ 1995 ലാണ് പുറത്ത് ഇറങ്ങി യത് നമ്മുടെ കലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യമായ പന്നി യൂർ 1 ആണ് . സമയം കൂടുന്തോറും എന്റെ വിശപ്പ് കൂടിക്കൂടി വന്നു തളിപ്പറമ്പ് കോഫി ഹൗസിലേക്ക് പോയി ഭക്ഷണം കഴിച്ച ശേഷം ബസിൽ കയറി യാത്ര പുറപ്പെട്ടു അടുത്ത യാത്ര പ്രകൃതി സുന്ദരമായ മാടായി പാറയിലേക്കാണ് പര ന്ന പാറക്കല്ലിൽ മനോഹരങ്ങളായ പച്ചപ്പുല്ലും തുമ്പപ്പൂവും കാണാൻ എന്തു രസമാണെന്നോ ,അത് കാണാൻ ചിലർ കുളത്തിലിറങ്ങി മീനിനെ പിടിച്ച കളിച്ചു. അടുത്തായി പല നിറത്തിലുള്ള മണ്ണ് കണ്ടു. അത് ഉപയോഗിച്ചാണ് ചൈനി സ് പാത്രങ്ങൾ ഉണ്ടാക്കുന്നത് സാർ പറഞ്ഞു പ്രശസ്തമായ മാടായിക്കാവും ജൂതക്കുളവും കണ്ട് മടക്കയാത്ര ആരംഭിച്ചു .

## <u>യുദ്ധവിരുദ്ധ റാലി</u>



# തോരാതെ പെയ്തൊരു മഴ



ഫാത്തിമത്ത് അഫ്സീറ

പൊട്ടികരഞ്ഞൊരു മേഘങ്ങളെ....
ഇന്നലെയെന്തേ തോരാഞ്ഞൂ !
ചറപറചറപറ പെയ്തുനീ
കൂടെയെല്ലാം കൊണ്ടോയി
പൂത്തുവിരിഞ്ഞൊരു പൂപ്പാടം
കൂടെയെന്തിന കൊണ്ടോയി ?
കണ്ണുതുറക്കും മുൻപേ നീ
തകർത്തെറിഞ്ഞൂ നഗരങ്ങൾ
കൂട്ടുകളില്ലാതലഞ്ഞുതിരിയും
പറവകളെപ്പോൽ ജീവനകൾ

# പ്രതീക്ഷകളോടെ ലൈ ഫൈ



അഭിരാം.കെ.സി.പി

പ്രകാശം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയർലസ് സാങ്കേ തിക വിദ്യയാണ് ലൈറ്റ് ഫിഡലിറ്റി എന്ന ലൈ -ഫൈ. റേഡി യോ തരംഗങ്ങൾ അടിസ്ഥാനമാക്കിയുള്ള വൈഫൈയേക്കാൾ അനേകം മടങ്ങ് വേഗത സാധ്യമാക്കും .സെക്കന്റിൽ 4 ജിഗാബൈ റ്റ്സ് ആകണം പ്രവചിക്കപ്പെടുന്ന വേഗം .

അനേകം എൽ .ഇ .ഡി ലൈറ്റുകളുടെ മിന്നിത്തിളങ്ങൽ വഴിയാണ് ലൈ -ഫൈയിൽ വിവരകൈമാറ്റം സാധ്യമാകുന്നത് ഒരു പ്രത്യേക പാറ്റേണിലുള്ള ഇവയിലെ മിന്നിത്തിളങ്ങലിനെ ബൈനറി കേടാക്കി മാറ്റിയാണ് വിവരങ്ങൾ കൈമാറുന്നത് .എൽ .ഇ .ഡി ബൾബുകളും പ്രകാശകിരണങ്ങളെ തിരിച്ചറിഞ്ഞ് ബൈന റി കേടാക്കി മാറ്റുന്ന ലൈ -ഫൈ ഉള്ള വയർലസ് ആണ് സംപ്രേ ഷണത്തിന് ആവിശ്യം . ചുമരുകൾക്ക് വെളിയിലേക്ക് ഡാറ്റ കൈമാറാൻ കഴിയില്ല എന്നതിനാൽ ലൈ -ഫൈ നെറ്റ് വർക്കി ലേക്ക് എളുപ്പത്തിൽ മറ്റുള്ളവർക്ക് കടന്നു കയറാനാവില്ല . അതു കൊണ്ട് ഇത് വൈ -ഫൈയേക്കാൾ ഏറെ സുരക്ഷിതമാകും .

സാധാരണ വെളിച്ചത്തിന് ഉപയോഗിക്കുന്ന എൽ .ഇ .ഡി ബൾ ബുകൾ തന്നെ വയർലസ് ഡാറ്റാ കൈമാറ്റത്തിന് ഉപയോഗിക്കാ മെന്നത് മറ്റൊരു സൗകര്യമാണ് .ഇതിനായി സാധാരണ ലൈറ്റിം ഗ് സംവിധാനങ്ങളോട് ഒരു മൈക്രോചിപ്പ് ഘടിപ്പിച്ചാൽ മതി .

# കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

കണ്ണൂരിന് അഭിമാനമായ് അന്താരാഷ്ട്ര വിമാന ത്താവളം ഡിസംബർ 9 ന് ഉദ്ഘാടനം ചെയ്തു




കണ്ണൂർ വിമാനത്താവളത്തിനുള്ളിൽ നാടൻ കലാരൂപങ്ങളാണ് ചിത്രീകരിച്ചിരിക്കുന്നത്







# അമ്പലമണി



അനഘ

കാണവിനിടിഞ്ഞൊരു ഗോപുരം വാവലുകൾ
വീണ തൂങ്ങുന്ന തൃക്കോവിൽ
വേടുന്നി നില്ക്കുന്ന കിഴവനാമാൽ പായൽ
മൂടിയ കുളം മാറു പൊട്ടിയ ശിലാദീപ-
ധാരിണികൾ തൻ ശൂന്യഹസ്തം
അതിശാന്തമാം ഗാഢ മൂക്ത തനിച്ചു ഞാ -
നതു നോക്കിയോർത്തു നിൽക്കുമ്പോൾ
ഉള്ളിൽ പൊടുന്നനെയൊരാർദ്രമാം മണിയൊച്ച
എല്ലിൽ തനിച്ചിവിടെയാരോ ?
മാണി മുട്ടിയാരോ വിളിച്ചുണർത്തുന്നു ? ഞാ -
നിരുളിൽ തിരിഞ്ഞു നോക്കുമ്പോൾ
ഓട്ടു മണിയുന്നതാ തൂങ്ങുന്നു.കാറ്റിലാ
നേർത്ത നാദം തുളുമ്പുന്നു.
ഒരു കായ്യമത്തിനെ തേടേണ്ട അസ്പൃശ്യയാം
മുനികന്യയായ് താപം ചെയ്വൂ

അറ്റ മുടർവാർന്നൊരീയമ്പല മണിക്കു നാം
വെട്ടിടറിയെങ്കിലും പാടാം
ആരു കേൾക്കാൻ?കല്ലുമാത്രമായ് മാറിയൊരു
തേവരോ ? തേവരേക്കൂട്ടുവിൽക്കാൻ വന്നു.
ദൂരെ പതുങ്ങിനിന്നോരോ കരിംചിറകു
പടപടയടിച്ചു മുഴലുന്നൊരീ വാവലിൻ
പാട്ടുകളോ ഖിന്നയാ രാവോ
കാറ്റിലാടുന്നൊരീ മാണി, യോട്ടുമണി, പണ്ട്
വാർ<u>ത്തു</u> കൊട്ടും ചൂടിലാരോ
ളുക്കി കരം കുപ്പി വഴിപാടു തിരുനടയി-
ലാർക്കോ മനസ്സു തണു വാർന്നു.
അന്നിവിടെ ദീപങ്ങൾ കത്തിനിന്നു, പൂക്കൾ
കുന്നുപോൽ കൂടിക്കിടന്നു

## ശാസ്ത്ര പുസ്തകപ്രദർശനം



# ഇനി എവിടേക്ക്



അനാമിക

ജീവാമൃതം ജലം മലിനമായിടുകിൽ
ജീവിതം സാധ്യമാകില്ലയീ ഭൂമിയിൽ
ശുദ്ധമാം വായു,ജലം പിന്നെ ഭക്ഷണം
ശ്രദ്ധയോടെ പരിരക്ഷിക്ക വേണ്ടയോ?
ഹൃദയം പരിശുദ്ധമല്ലാത്ത കൂട്ടരി
പാരിടം കഷ്ടം വിഷയമാകുന്നു.
മാണിതിലെല്ലാമെ മാലിന്യക്കൂമ്പാര-
മല്ലാതെയൊന്നുമേ കാണ്മതീലല്ലോ നാം.
ഭൂമിയും,പുഴകളും ആകാശവീഥികൾ
ആകവേ മാലിന്യമായതെന്തിങ്ങനെ ?
ആഹരിച്ചീടുന്ന വസ്തുക്കളൊക്കെയും
വിഷപൂർണമാരക വസ്തുക്കളല്ലെയോ
ആർത്തിതീരാത്തൊരീ മർത്യ മനസ്സിന്റെ
മാലിന്യമൊക്കെയും മാറ്റിയാൽ മാത്രമേ
മണ്ണിതിൽ ജീവിതം സുന്ദരമായ് വരൂ

# അമ്മ എന്ന കഥ



ആദിത്യൻ

ഒരു ഗ്രാമത്തിൽ ഒരു കുഞ്ഞു പിറക്കുകയായിരുന്നു .കുഞ്ഞു ജനിക്കുന്നതിനു മുമ്പ് കുഞ്ഞൊരു സംശയംചോദിച്ചു .ഞാൻ ഇത്രയും ചെറിയ കുഞ്ഞാണ് ഞാൻ എങ്ങനെ ഭൂമിയിൽ ജീവിക്കും അതുകൊണ്ടു ദൈവമേ എന്നെ നിന്ടെ കൂടെ നിർത്തു. എനിക്ക് എവിടെയും പോകണ്ട  കുഞ്ഞു ദൈവത്തോട് പറഞ്ഞു .ദൈവം മറുപടി കൊടുത്തു .പ്രിയപ്പെട്ട കുഞ്ഞേ എനിക്ക് ഒരുപാട് മാലാഖമാരുണ്ട് ഒരു മാലാഖയെ നിന്റെ കൂടെ വിടാം.അവൾ നിന്നെ നന്നായി നോക്കി കൊള്ളും വിഷമിക്കേണ്ട ദൈവം പറഞ്ഞു പക്ഷെ ഞാൻ സ്വർഗത്തിൽ കളിച്ചതും ചിരിച്ചതും പാട്ടുപാടിയതും  ഒക്കെയല്ലാതെ വേറെ ഒന്നും ചെയ്തുട്ടില്ല . ഇത്രയൊക്കെ മതിയോ എല്ലാവര്ക്കും സന്തോഷമാവാൻ കുട്ടി ചോദിച്ചു .ദൈവം പറഞ്ഞു നിന്നെ നോക്കുന്ന മാലാഖ നിനക്ക് വേണ്ടി പാട്ടു പാടിതരും നിന്റെ കൂടെ കളിക്കും നിന്നെ ചിരിപ്പിക്കും അവരുടെ ലാളതയിൽ നീ ഒരുപാട് സന്തോഷിക്കും. ഒരുപാട് സ്നേഹവും കിട്ടും .കുഞ്ഞു ദൈവത്തോട് ചോദിച്ചു .ദൈവമേ എനിക്ക് അവർ പറയുന്ന ഭാഷ അറിയില്ല .അപ്പോൾ ഞാൻ എങ്ങനെ മനസ്സിലാക്കും ?.... ദൈവം കുഞ്ഞിനോട് പറഞ്ഞു.

നിന്റെ കൂടെ വരുന്ന മാലാഖ നിന്നെ സ്നേഹത്തോടെ നല്ല രീതിയിൽ സംസാരിച്ച കൊള്ളും .ഇത്രയും മധുരമായ വാക്കു കൾ നീ സ്വർഗത്തിൽ പോലും കേട്ടിട്ടുണ്ടാവില്ല .നിന്നോട് മധുരമായി സംസാരിക്കുന്നതു മാത്രമല്ല നിന്നെ വേഗത്തിൽ എങ്ങനെ സംസാരിക്കണം എന്നും പഠിപ്പിച്ച തരും കുഞ്ഞു ദൈവത്തോട് ചോദിച്ച .പക്ഷെ എനിക്ക് എപ്പോഴെങ്കിലും ദൈവത്തോട് സംസാരിക്കണം എന്ന് തോന്നുകയാണെ ങ്കിൽ ഞാൻ എന്തുചെയ്യണം.ദൈവം പറഞ്ഞു .എങ്ങനെ കൈകൾ കൂപ്പിപ്രാർത്ഥിക്കണമെന്നത്ആ മാലാഖ നിനക്കു പഠിപ്പിച്ച തരും കൂടാതെ എന്നെ കുറിച്ചുള്ള കാര്യങ്ങൾ അവർ നിനക്ക് പറഞ്ഞു തരും .അപ്പോൾ നിനക്കു ഇപ്പോഴും സംസാരിക്കണമെന്ന് തോന്നുമ്പോഴും പ്രാർത്ഥനയിലൂടെ സംസാരിക്കാം. ഇത് കേട്ട് കുഞ്ഞു ചോദിച്ച പക്ഷെ ഞാൻ കേട്ടിട്ടുണ്ടല്ലോ ഒരുപാട് അങ്ങനെയുള്ള അവസരങ്ങളിൽ എന്നെ ആര് രക്ഷിക്കും ദൈവം പറഞ്ഞു .ഒട്ടും പേടിക്കേണ്ട കുഞ്ഞേ അങ്ങനെയുള്ള അവസരങ്ങളിൽ നിന്നെ മാലാഖ രക്ഷിചോളും, അവൾ ഒരു മടിയും കൂടാതെ അവളുടെ ജീവി തം നിനക്ക് വേണ്ടി ത്യജിച്ചിട്ടുണ്ടാവും. ആ സമയം സ്വർ ഗം നിശബ്ദതയിൽ നിലച്ചിരുന്നു. പക്ഷെ ഭൂമിയിൽ നിന്നും ഒരു ചെറിയ ശബ്ദം കേൾക്കുകയുണ്ടായി കുഞ്ഞിന് മനസ്സി ലായി തനിക്കു ഭൂമിയിലേക്ക് പോകുവാൻ സമയം ആയി രുന്നു വെന്ന്.കുഞ്ഞു കരഞ്ഞു കൊണ്ട് ദൈവത്തോട് ചോദിച്ചു. പ്രിയപ്പെട്ട ദൈവമേ ആ മാലാഖയെ എന്തു വിളിക്കും ?.. എനിക്കവരുടെ പേര് പോലും അറിയില്ല

ദൈവം മറുപടി പറഞ്ഞു . അവളുടെ പേര് 'അമ്മ 'എന്ന് തന്നെ യാവട്ടെ  നീ അവളെ 'അമ്മ ' എന്ന് വിളിക്കുക എന്ന് പറഞ്ഞു ദൈവം അപ്രത്യക്ഷമായി ഇതെല്ലം കേട്ട തിനു ശേഷം കുഞ്ഞു ഭൂമിയിൽ പിറന്നു അമ്മയുടെ അടുത്ത് സുരക്ഷിതമായി എത്തി ഈ കഥയിലൂടെ മനസിലാക്കാം ''ദൈവം തന്ന മാലാഖയാണ് 'അമ്മ '''....................

## വായനാദിനാചരണം









# പരിസ്ഥിതിദിനാഘോഷം






WORLD ENVIRONMENT DAY


WORLD ENVIRONMENT DAY
Green Earth
Save Earth
BEAT PLASTIC POLLUTION


JUNE-5
WORLD ENVIRONMENT DAY 2018
Plastic Reuse, Reduse, Refuse

# ഓർക്കാപ്പുറത്ത്



ഫാത്തിമ

അമ്മു.. അമ്മുട്ടി മുത്തശ്ശി നീട്ടി വിളിച്ച ഈ കുട്ടി എവിടെ പ്പോയി കിടക്കുവാ ..... വിളിച്ചാലും കേൾക്കില്ല ശിവ ശിവ മുത്തശ്ശിയുടെ വിളി കേട്ടതന്നോണം അവൾ എവിടെന്നോ തുള്ളിച്ചാടി വീട്ടു മുറ്റത്തെത്തി. അമ്മുട്ടിക്ക എന്നും സന്തോ ഷമാണ് അവൾക്ക തന്റെ കൊച്ചു വീട്ടിനു ചുറ്റും ഒരുപാട് കൂട്ടുകാരുണ്ടായിരുന്നു.

പൂക്കൾ ,പൂമ്പാറ്റകൾ , കിളികൾ,അണ്ണാൻതുടങ്ങി ഒരുപാട് പേർ അതിൽ ഏറ്റവും പ്രിയപ്പെട്ടത് തന്റെ കുഞ്ഞി ക്കിളി തന്നെ വീടിന്റെ തെക്കേ മൂലയിലാണ് അതിന്റെ കൂട്. രാവിലെ സ്കൂളിൽ പോകുമ്പോഴും വൈകുന്നേരം മടങ്ങി വീട്ടി ലെത്തിയാലും ഒന്ന് എങ്ങനെയെങ്കിലും അതിന്റെ കൂട്ടി ലേക്ക് എത്തിനോക്കാതെ വയ്യ.അതിനും കേൾക്കാം മുത്ത ശ്ശിയുടെ ശകാരം ........വീണു കാലോ കൈയോ ഓടിയും എന്റെ കുട്ടിയെ ... രണ്ടു ദിവസം മുമ്പ് അവളൊരു കാഴ്ച കണ്ടു ആ കൂട്ടിൽ മൂന്നു മുട്ടയിരിക്കുന്നു .അവൾക്കെന്തെന്നില്ലാത്ത സന്തോഷം തോന്നി. കുറച്ചു ദിവസം കഴിയുമ്പോൾ അത് വിരിഞ്ഞ് കുഞ്ഞുങ്ങൾ ഉണ്ടാകുമല്ലോ എന്നോർത്തപ്പോൾ

അവൾക്കു സന്തോഷം അടക്കാനായില്ല അവളോടിപ്പോയി മുത്തശ്ശിയെ കെട്ടിപ്പിടിച്ചു . അവളെപ്പോഴും അങ്ങെനയാ . അവൾക്കെന്നും സന്തോഷം പങ്കുവെക്കാൻ മുത്തശ്ശിയാണ് കൂട്ട്.അച്ഛനും അമ്മയും എന്നും ജോലിതിരക്കാണ്. രാവിലെ പോയാൽ വൈകുന്നേരമേ രണ്ടാളും തിരിച്ചെത്തൂ.

കുറേ ദിവസമായി വീട്ടിൽ വലിയ ചർച്ചയാണ്. അമ്മുകുട്ടിയിടെ അച്ഛൻ നഗരത്തിൽ പുതിയ ഫ്ലാറ്റ് വാങ്ങി യിട്ടുണ്ട് . സ്കൂൾ പൂട്ടിയാലുടൻ അങ്ങേക് താമസം മാറ്റും . രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അച്ഛൻ അമ്മയോട് പറയു ന്നതവൾ നടുക്കത്തോടെ കേട്ടു. ഏതാനും ദിവസങ്ങൾക്കു ള്ളിൽ വീട് പൊളിക്കാൻ ഏർപ്പാടാക്കിയിട്ടുണ്ടെന്ന്. ആ സ്ഥലം മറ്റാർക്കോ കൊടുത്തിരിക്കുന്നു തന്റെ അച്ഛനെന്ന് അവൾ മനസ്സിലാക്കി.വേനലവധിക്ക് ദിവസങ്ങൾ മാത്രം ,...ആ കുഞ്ഞു മനസ്സ് ഒന്ന് പിടഞ്ഞു ,അയ്യോ എന്റെ കുഞ്ഞു കിളികൾ തീറ്റ കൊടുക്കുന്നതും കാത്ത് മച്ചിന്റെ മുകളിൽ നിന്നും ചിൽ.....ചിൽ ...... എന്ന് കരഞ്ഞുകൊണ്ടിരിക്കുന്ന തന്റെ അണ്ണാറക്കണ്ണൻ.അവൾക്ക് സങ്കടം സഹിക്കാനാ യില്ല .അവൾക്ക് ഉറങ്ങാനേ കഴിഞ്ഞില്ല .എന്തിനാണീ മണിമാളികകൾ പണിയുന്നത്.എത്രയെത്ര ചെടികൾ എത്ര യെത്ര മരങ്ങൾ എല്ലാം മുറിഞ്ഞു വീഴുന്നു. അതിലൊക്കെ കൂടുകൂട്ടിയ ജീവജാലങ്ങളുടെ അവസ്ഥ എന്താകും. കണ്ണും കാതും ഇല്ലാത്ത നെട്ടോട്ടമോടുന്ന ഇന്നത്തെ സമൂഹ ത്തിലാര് മനസ്സിലാക്കും ആ കുഞ്ഞുമനസ്സിന്റെ ഹൃദയ വേദന

# INTRODUCTION AND DEFINITION OF COMPUTERS

A computer is an electronic device, which stores data and processes information based upon the instructions provided by the user and generates the desired output. A computer is a device that computes or calculates numbers, however, does more than that. It can edit text, generate pictures or graphs, make animation, translate language and even play games or drive motor cars etc.

## FUNCTIONAL COMPONENTS

The computer has following components:

1. Input Unit:
2. CPU (Central Processing Unit):CU & ALU
3. Memory
4. Output Unit

## CHARACTERISTICS OF COMPUTER

- Speed
- Accuracy
- Consistency
- High Storage Capacity
- Versatility

- Flexibility
- Multipurpose

## ADVANTAGES OF USING COMPUTERS

### For Writing:

- Quick Entry
- Easy to edit and restructure
- Many tools to produce various kinds of output
- Storage is inexpensive and dosen’t take up much space
- Easy to search/navigate through documents.

### For Organization:

- Once a document is in electronic form it is easy to store and many documents can be stored on one computer in much less space.
- Files are easy to reach
- Data storage, analyzing and decision making.

### For Research:

- Access to the Internet has become invaluable as a research tool.
- Easily gather huge A computer can be classified into 3 parts Digital, Analog and hybrid, where

Digital computer works with binary digits (0 &1) and work on discontinuous data, these are fast and accurate from Analog computers.

- Analog computers work on the principle of continuous measurement of physical phenomenon like length, breadth, rotation etc. It deals with continuous data and does not communicate directly with numbers. It uses signals as input and output in terms of actions or environmental/ conditional changes (Speed, Temp, Moisture). These are faster than hybrid computers but less accurate.
- Hybrid computers are those in which the features of Analog and Digital machines are combined to create a hybrid computing system.
- Special purpose computers are designed to perform a specific task. These computers are not versatile in nature and cannot be used for some other purpose than specified. Ex: fight simulation training programme.
- General purpose computers are versatile and can be used in numerous of applications. These are the home pc's which can be used to play, study, watch

music ad movies etc.

- Micro computer is the smallest type of computer. Inside a micro computer the ALU and CU are combined on a single chip called microprocessor. They are used as home computers or by small businessmen or individual professional where volumes of data processing and speed requirement are small.
- Mini computers are more powerful than the micro computers and can support several users. They have large RAM and backing storage capacity and can process data more quickly.
- Main Frame computers are very large computers with very high capacity of main store. They can process large amounts of data very quickly. So they are used by banks, big companies and govt departments. They can be linked into a network with smaller departmental computers, etc.
- Super Computers are used for complex scientific computations are known as super computers. Very large size and very high speeds characterize them. The word length for these computers is more than

64 bits. They have more than one processing unit and perform amounts of information and store it.

- Easily search for new information or search the information already acquired.
- Interact with other researchers to create/gather more research.
- Easily interpret results of own search

At Home:

- Entertainment by playing games, watching videos and listening music etc.
- Chatting with your relatives and friends.

Education:

- Collecting information from Internet.
- Making programs to solve problems.

## LIMITATIONS OF COMPUTERS

- A computer cannot think itself. It has no self intelligence.
- A computer cannot learn by experience like a human being.
- A computer cannot take independent decisions.

**Points to remember:**

**A computer can be classified into 3 parts Digital, Analog and hybrid, where Digital computer works with binary digits (0 &1) and work on discontinuous data, these are fast and accurate from Analog computers.**

**Analog computers work on the principle of continuous measurement of physical phenomenon like length, breadth, rotation etc. It deals with continuous data and does not communicate directly with numbers. It uses signals as input and output in terms of actions or environmental/ conditional changes (Speed, Temp, Moisture). These are faster than hybrid computers but less accurate.**

**Hybrid computers are those in which the features of Analog and Digital machines are combined to create a hybrid computing system.**

**Special purpose computers are designed to perform a specific task. These computers are not versatile in nature and cannot be used for some other purpose than specified. Ex: fight simulation training programme.**

General purpose computers are versatile and can be used in numerous of applications. These are the home pc’s which can be used to play, study, watch music ad movies etc.


Micro computer is the smallest type of computer. Inside a micro computer the ALU and CU are combined on a single chip called microprocessor. They are used as home computers or by small businessmen or individual professional where volumes of data processing and speed requirement are small.


Mini computers are more powerful than the micro computers and can support several users. They have large RAM and backing storage capacity and can process data more quickly.

Main Frame computers are very large computers with very high capacity of main store. They can process large amounts of data very quickly. So they are used by banks, big companies and govt departments. They can be linked into a network with smaller departmental computers, etc.

Super Computers are used for complex scientific computations are known as super computers. Very

large size and very high speeds characterize them. The word length for these computers is more than 64 bits. They have more than one processing unit and perform parallel processing. Storage capacities of these computers are very large. They are used in weather forecastingINTRODUCTION AND DEFINITION OF COMPUTERS, in nuclear power plants etc.



# പരേയ് സൂം

വൈകുന്നേരമാവുമ്പോഴേക്കും നല്ല മഴയാ. അത് സഹിക്കാം.



പക്ഷേ...ഇടിയും....മിന്നലും.. ഓരോന്നാലോചിച്ച് അടുക്കളയിലെത്തി. ബർത്തനമുകളിൽ കുറിഞ്ഞികിടന്നു. അടുക്കളയിൽ നോക്കി CFL തൂങ്ങിക്കിടക്കുന്നു.

"ങേ ഇതാരാ ഫാൻ ഓൺ ചെയ്തു് വച്ചിരിക്കുന്നേ?" കുറിഞ്ഞി ബർത്തിൽ നിന്നിറങ്ങി എക്സ്ഹോസ്റ്റ് ഫാൻ ഓഫ് ചെയ്തു. "ഓ മിക്സിയുടെ പ്ലഗ് ഊരിവച്ചിട്ടില്ലേ. അതു ഞാൻ തന്നെ ചെയ്യാം വെറുതെ തിന്നു നടന്നാൽ പോരല്ലോ.ഇതെല്ലാം കണ്ട് അമ്മച്ചി അടുക്കളയുടെ വാതിലിൽ ചാരി നിൽക്കുന്നുണ്ടായിരുന്നു.


കുറിഞ്ഞിയതു കണ്ടില്ല. " ഈ ഫ്രിഡ്ജെന്തിനാ എപ്പോഴും ഓൺ ചെയ്തു് വച്ചിരിക്കുന്നേ... ഈ അമ്മച്ചിയുടെ ഒരു കാര്യം.." ഫ്രിഡ്ജ് ഓഫ് ചെയ്തു. ഇതു കണ്ട് അമ്മച്ചിയ്ക്ക് ദേഷ്യം വന്നു.

" യെസ്... എല്ലാം ഓകെ" അടുത്ത മുറിയിലേക്കു ചെന്നു പുറകെ അമ്മച്ചിയും.അങ്ങനിപ്പം വിളക്കും തെളിച്ച് അച്ചമ്മ

നിൽക്കണ്ട. പപ്പടപ്പാട്ടം തട്ടിമറിച്ചതിനു കിട്ടിയ അടിയുടെ ചൂട് ഇപ്പോഴും മറന്നിട്ടില്ല. വെറുതയല്ലാ ഫോട്ടത്തിനു ള്ളിക്ക്യേ. അരിശത്തോടെ ബൾബ് ഓഫ് ചെയ്തു. ഇനി..ടി.വി,കമ്പ്യൂട്ടർ, ഓ എല്ലാം ഓൺ ചെയ്ത് വച്ചിരിക്കാ. കുറിഞ്ഞി കമ്പ്യൂട്ടറിന്റെ പ്ലഗ് ഊരിയതും പെട്ടന്ന് പഠേയ് ....ഠേയ്....ഠൂ....ഠേഡയ്...ട്ടൂ..ട്ടൂ..ട്ടൂ...സ്സൂ

# സന്യാസിയും നായയും

ഒരു കൊടുങ്കാട്ടിൽ ഒരു സന്യാസി ജീവിച്ചിരുന്നു. കായ്കനികൾ മാത്രമായിരുന്നു ആഹാരം .



ഒരു നാൾ എവിടെ നിന്നോ ഒരു നായ അലഞ്ഞു തിരിഞ്ഞ് സന്യാ സിയുടെ ഗുഹയിലെത്തി.അലിവു തോന്നിയ സന്യാ സി നായയെ തന്റെയൊപ്പം പാർപ്പിച്ചു. നേരം വെളു ത്താൽ നായ കാട്ടിലേ ക്കിറങ്ങും.പിന്നെ വൈകുന്നേരമാണ് തിരിച്ചു വരിക. സന്യാസിയെ പ്പോലെ കായ്കനികൾ തിന്നു വിശപ്പ ടക്കാൻ നായ യ്ക്കു കഴിയി ല്ലല്ലോ. വല്ലതും എരിവും പുളി യുള്ളതും വേണം നായയ്ക്ക്.ഒരിക്കൽ നായ കാട്ടിൽ ഭക്ഷ ണമന്വേഷിച്ച് നടക്കുക യായിരുന്നു. അതാ, മരച്ചുവട്ടിൽ ഒരു കടുവ! നായയെ കണ്ടതും കടുവ ഒറ്റച്ചാട്ടം. ഒരു നിമിഷം കൊണ്ട് നായ ഓടെടാ ഓട്ടം! നായ ചെന്നുനിന്നത് സന്യാ സിയുടെഗുഹക്കകത്താണ്. "എന്താ, എന്തുപറ്റി?" നിന്നു കിതയ്ക്കുന്ന നായയെ നോക്കി സന്യാസിതിരക്കി."ഒരു കടുവ എന്നെ പിടിക്കാൻ വന്നു." നായ പറഞ്ഞു.

സന്യാസി എന്തോ മന്ത്രം ചൊല്ലിയ മാത്രയിൽ നായ വലി യൊരു കടുവയായി മാറി. മാറിയ നായ ഗുഹക്കു പുറത്തേക്കു വന്നു. മുന്നിൽ ഭീമാകാരനായ കടുവയെ കണ്ട് ജീവനും കൊണ്ട്

ആദ്യത്തെ കടുവ കാട്ടിൽ മറഞ്ഞു.നായയ്ക്ക് പിന്നീട്, മറ്റു പല വലിയ മൃഗങ്ങളെയും നേരിടേണ്ടി വന്നു. അപ്പോഴെല്ലാം സന്യാസി തന്റെ മാന്ത്രിക ശക്തികൊണ്ട് നായയെ ആ മൃഗമാക്കി മാറ്റി. ചുരുക്കി പറയാമല്ലോ, ഓരോ തവണയും നായ രക്ഷപെട്ടു.

ദിവസങ്ങൾ കഴിഞ്ഞു. ഒരിക്കൽ നായ തന്നെയൊരു സിംഹ മാക്കണമെന്നു പറഞ്ഞു കൊണ്ടാണ് ഗുഹയിലെ ത്തിയത്. കാട്ടിലെ രാജാവായ സിംഹത്തെ തോൽപ്പിക്ക ണമെങ്കിൽ അതേ വഴിയു ള്ളുവെന്ന് നായ പറഞ്ഞു. സന്യാ സി തന്റെ മന്ത്രശക്തി കൊണ്ട് നായയെ ഒരു സിംഹമാക്കി ഇനി തനിക്ക് ആ രൂപം മതിയെന്ന് നായ തീരുമാനിച്ചു.മറ്റ് ഒരു മൃഗത്തെയും ഭയപ്പെടേ ണ്ടല്ലോ. സിംഹം പുറത്തൊന്നും പോകാതെ ആ ഗുഹയിൽ കഴി ഞ്ഞു കൂടി. കുറച്ചു കഴിഞ്ഞ പ്പോൾ സിംഹത്തിനു വിശക്കാൻ തുടങ്ങി. പുറത്തു പോയി വേട്ടയാടാൻ അതിനു മടി തോന്നി. വിശ പ്പടക്കാൻ സന്യാ സിയെ തന്നെ ശാപ്പിടാമെന്ന് സിംഹം തീരു മാനിച്ചു. സന്യാസി പുറത്തുപോയി മടങ്ങി വന്നപ്പോൾ അതാ സിംഹം ആക്രമിക്കാൻ തയ്യാറായി നിൽക്കുന്നു! അത് സന്യാ സിയുടെ നേരെ ചാടി വീണു. ഒരു ക്ഷണം. സന്യാസി മന്ത്രം ചൊല്ലി. അതോടെ സിംഹം പഴയ നായയായി. തന്റെ മുൻപിൽ വാലാട്ടി നിന്ന നായയെ സന്യാസി പുറത്താക്കി ഗുഹയുടെ വാതി ലടച്ചു.

ഗുണപാഠം ::വന്ന വഴി മറന്ന് അഹങ്കരിക്കരുത്. അഹങ്കരിച്ചാൽ ഉള്ളതു കൂടി നഷ്ടമാകും...

# മലയാളസാഹിത്യം

## പ്രാചീന മലയാളസാഹിത്യം

എഴുത്തച്ഛനു മുൻപുള്ള കാലത്തെ മലയാള സാഹിത്യത്തെയാണ് പ്രാചീന മലയാളസാഹിത്യം എന്ന് വിവക്ഷിക്കുന്നത്. പ്രാചീനകാലത്ത്, കരിന്തമിഴിൽ സംസ്കൃതം കലർന്ന ഒരു മിശ്ര ഭാഷയായിട്ടായിരുന്നു മലയാളം നിലനിന്നിരുന്നത്. പ്രാചീന മലയാള കാലത്തെ രണ്ടു ഘട്ടങ്ങളായി ഭാഷാശാസ്ത്രജ്ഞർ തിരിച്ചിട്ടുണ്ട്. കരിന്ത മിഴ് കാലമെന്നും മലയാൺമക്കാലമെന്നും.

## കരിന്തമിഴ് കാലം

പഴന്തമിഴിന്റെ അതിപ്രസരമുള്ള കാലഘട്ടമാണ് കരിന്തമിഴ് കാലം. 'രാമചരിതം' എന്ന കൃതിക്ക് മുൻപുള്ള കാലഘട്ടമാണിത്. ഈ കാലഘട്ടത്തെ വിവക്ഷിക്കാൻ പൂർവപ്രാചീനമെന്നും, പതത്ത്രു കാലമെന്നും മറ്റു പലപേരുകളും ഭാഷാശാസ്ത്രജ്ഞർ ഉപയോഗിക്കുന്നു. മലയാളഭാഷയുടെ ശൈശവത്തെക്കുറിക്കുന്ന ഈ കാലഘട്ടത്തിൽ സാഹിത്യകൃതികളെപ്പറ്റി വ്യക്തമായ അറിവില്ല. വൈദിക വിഷയത്തിലുള്ള ചില പാട്ടുകൾ ഉണ്ടായിട്ടുണ്ടെന്ന് പറയപ്പെടുന്നു.

## മലയാൺമക്കാലം

പഴന്തമിഴിൽ നിന്ന് വേറിട്ട് മലയാളം സ്വതന്ത്രഭാഷയായി രൂപപ്പെട്ടുതുടങ്ങിയ കാലഘട്ടമാണിത്. ഇവിടം മുതലാണ് ഒരു

വിധം വ്യക്തമായ മലയാളസാഹിത്യചരിത്രം ആരംഭിക്കുന്നത്. രാമചരി തത്തിന്റെ രചനാകാലമാണിത്. ആദിദ്രാവിഡഭാഷയും സംസ്കൃതവും കലർന്ന മണിപ്രവാളരൂപത്തിലായിരുന്ന ഈ കാലഘട്ടത്തിലെ സാഹിത്യസൃഷ്ടികൾ.

## നവീന മലയാളസാഹിത്യം

### ക്ലാസിക്കൽ കാലഘട്ടം

ചെറുശ്ശേരിനമ്പൂതിരിയുടെ കൃഷ്ണഗാഥ മലയാളസാഹിത്യത്തിന്റെ ക്ലാസിക്കൽ കാലഘട്ടത്തിന് തുടക്കം കുറിച്ചു എന്ന് പറയാം. എങ്കിലും, കൈരളിയെ ആധുനിക ദശകങ്ങളിലേക്ക് കൈപിടിച്ചു നടത്തിയതിന്റെ മുഴുവൻ പ്രശംസയും ചെന്നുചേരുന്നത് ഇന്ന് 'മലയാളഭാഷയുടെ പിതാവ്' എന്ന് പ്രകീർത്തിക്കപ്പെടുന്ന തുഞ്ചത്തെഴുത്തച്ഛനിലാണ്. ഭക്തിപ്രസ്ഥാനത്തിന്റെ വക്താവും പ്രയോക്താവുമായിരുന്നു അദ്ദേഹം. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ എഴുത്തച്ഛന്റെ പ്രധാന കൃതികൾ മഹാഭാരതം കിളിപ്പാട്ട്, അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, ഇരുപത്തിനാലുവൃത്തം എന്നിവയാണ്.

കുചേലവൃത്തം വഞ്ചിപ്പാട്ടെന്ന ഒറ്റ കൃതികൊണ്ടുതന്നെ രാമപുരത്തു വാര്യർ മലയാള സാഹിത്യചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടി. വെണ്മണിക്കവികളുടെ 'പച്ചമലയാളം' രീതി ഭാഷാസാഹിത്യത്തിന് ആധുനികതയിലേക്കുള്ള പാത വെട്ടിത്തെളിച്ചു.


## ആധുനിക കാലഘട്ടം

പദ്യസാഹിത്യത്തോടൊപ്പം ഗദ്യസാഹിത്യവും ശക്തിപ്രാപിച്ച കാലഘട്ടമാണിത്. 'ആധുനികകവിത്രയം' എന്നറിയപ്പെടുന്ന കുമാരനാശാൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനോൻ എന്നിവരുടെ കൃതികളും മലയാളസാഹിത്യത്തെ സമ്പന്നമാക്കി. വള്ളത്തോളിന്റെ 'ചിത്രയോഗം', ഉള്ളൂരിന്റെ 'ഉമാകേരളം' ഇവ മഹാകാവ്യങ്ങളാണ്. മഹാകാവ്യമെഴുതാതെ മഹാകവിപ്പട്ടം സ്വന്തമാക്കിയ കവിയാണ് കുമാരനാശാൻ. 'മാമ്പഴം', 'രമണൻ', കന്നിക്കൊയ്ത്ത്", 'ഓടക്കുഴൽ' തുടങ്ങിയവ ഈ കാലഘട്ടത്തിലെ പ്രധാന കൃതികളാണ്.

## ഉത്തരാധുനിക കാലഘട്ടം

പരമ്പരാഗതരീതികളിൽനിന്നുള്ള ഒരു സമൂല പരിവർത്തനം ഈ കാലഘട്ടത്തിലെ സാഹിത്യസൃഷ്ടികളിൽ കാണാൻ കഴിയും. ഉത്തരാധുനികസാഹിത്യകൃതികൾ ഏതൊക്കെയെന്ന കാര്യത്തിൽ നിരൂപകരുടെ ഇടയിൽ ഭിന്നാഭിപ്രായമാണുള്ളത്. ഒ. വി വിജയൻ എന്ന സാഹിത്യകാരനാണ് മലയാള സാഹിത്യത്തെ ആധുനികതയിൽ നിന്നും അത്യാധുനികതയിലേയ്ക്ക് എത്തിക്കുന്നതിൽ വിപ്ലവാത്മകരമായ പങ്ക് വഹിച്ചത്. സന്തോഷ് ഏച്ചിക്കാനത്തെ പ്പോലെയുള്ള യുവ സാഹിത്യകാരൻമാർ അതിന് പുതിയ മാനങ്ങൾ നൽകുന്നതിൽ ശ്രദ്ധേയ പങ്ക് വഹിച്ചിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും, ഇവയിൽ ബഹുഭൂരിപക്ഷവും അനുവാചകന് ദുർഗ്രഹമാകുന്ന രീതി

യിലാണ് രചിച്ചിട്ടുള്ളത്. ഈ ബോധപൂർവ്വമായ ശൈലിക്കു പിന്നിൽ പരമ്പരാഗത ചട്ടക്കൂട്ടുകളേയു മാമൂല്യകളേയും തച്ചുടയ്ക്കാനുള്ള ശ്രമമാണെന്നും സാഹിത്യ നിരൂപകർ വാദിക്കുന്നുണ്ട്. മനുഷ്യ മനസ്സിന്റെ പ്രതിഫലത്തിന്റെ പുതിയ മേച്ചിൽപ്പുറങ്ങൾ തേടുന്നവയാണ് ഉത്തരാധുനിക സാഹിത്യ സൃഷ്ടികൾ.



# നന്ദി